കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 25-6-2015-ൽ ചേർന്ന ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മേൽ സൂചിപ്പിച്ച പദ്ധതികളുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കടിവെള്ള പദ്ധതികൾ

185 (3620) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മാതൃകയിൽ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും സുലഭവും ശുദ്ധവുമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വ്യത്യസ്തമായ പദ്ധതികളിലൂടെ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണം

186 (3621) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടവിപുലീകരണ പ്രവൃത്തിയുടെ ഭാഗമായി നബാർഡ് സഹായത്താൽ 60 കോടി രൂപയുടെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാതിരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ എന്തെന്ന് വിശദമാക്കാമോ ; മുൻപരിചയവും സാങ്കേതിക തികവുമുള്ള സ്ഥിരം ജീവനക്കാരെ ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി പൂർത്തീകരണംവരെ നിയോഗിക്കുന്നതിനും അപാകതകൾ ഉണ്ടാകുന്നപക്ഷം അവ ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണത്തിന്റെ ഭാഗമായി 18 പഞ്ചായത്തുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ 8 പാക്കേജുകളായി തിരിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാർക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 6 പാക്കേജുകളുടെ പെർഫോമൻസ് ഗ്യാരണ്ടി സംബന്ധിച്ച് തർക്കം ഉന്നയിച്ച് കരാറുകാർ കോടതിയെ സമീപിച്ചിരിക്കുകയാണ്. പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുവേണ്ടി കരാറുകാരുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കുന്നതിന് ശ്രമിച്ചുവരുന്നു. മുൻപരിചയവും സാങ്കേതികത്തികവുമുള്ള സ്ഥിരം ജീവനക്കാരെയാണ് ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി നിയോഗിച്ചിരിക്കുന്നത്. അപാകതകൾ ഉണ്ടാകുന്നപക്ഷം നിലവിലുള്ള നിയമപ്രകാരം ഉത്തരവാദിത്തപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്.

പുത്തൂർ കുടിവെള്ള പദ്ധതി

187 (3622) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയും സാങ്കേതി കാനുമതിയുടെ ലഭിച്ച പയ്യന്നൂർ നിയോജകമണ്ഡലത്തിലെ "പുത്തൂർ കുടിവെള്ള പദ്ധതിയുടെ "നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ & ബി) ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പുത്തൂർ കുടിവെള്ള പദ്ധതിയുടെ ടെണ്ടർ പരിശോധിച്ചുവരുന്നു. ടെണ്ടർ അംഗീകരിച്ചു കിഴിഞ്ഞാലുടൻ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly